(ബി) 14 കേസുകളിലായി 20 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അവരുടെ പേരുവിവരം താഴെ ചേർത്തിരിക്കുന്നു.

1. തിരുവനന്തപുരം—2 കേസ് ശ്രീകണ്ഠൻ തമ്പി, ഇന്ദിര, വിക്രമൻ 3 പ്രതികൾ.
2. കോട്ടയം—2 കേസ് ത്രേസ്യാമ്മ സൈമൺ, ജോസഫ്, റവ. ടി. ഫാർമ പ്രൊപ്രൈറ്റർ, പാർത്ഥ സാരഥി—4 പ്രതികൾ.
3. മലപ്പുറം—1 കേസ് ജോസ്, അംബ, ഇസ്മയിൽ—3 പ്രതികൾ.
4. പാലക്കാട്—7 കേസുകൾ ലക്ഷ്മണറാവു, ഖലീൻഭായി, ദയാളൻ ജയറാം, ഇസ്മയിൽ, ത്യാഗരാജൻ— 6 പ്രതികൾ.
5. കാസർകോഡ്—1 കേസ് രാമണ്ണ മകൻ ഗോപാലൻ, പൗലോസ് മകൻ റവ. പി. വർഗ്ഗീസ്—2 പ്രതികൾ.
6. വയനാട്—1 കേസ് രാമചന്ദ്രവിഡുവൻ, രാഗേഷ് കുമാർ, ബി. ഭഗവാൻ—2 പ്രതികൾ.

മദ്യവില്പന കേന്ദ്രങ്ങൾ

540. [743] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്ത് എത്ര മദ്യ വില്പന കേന്ദ്രങ്ങൾ അനുവദിക്കാനാണുദ്ദേശിക്കുന്നത് ;

(ബി) ഇതിൽ കള്ളുഷാപ്പുകൾ എത്ര ;
ചാരായഷാപ്പുകൾ എത്ര ;
വിദേശ മദ്യഷാപ്പുകൾ എത്ര ;

(സി) 1985-86 സാമ്പത്തികവർഷത്തിൽ ഇവയുടെ എണ്ണം എത്രയായിരുന്നു?

ഉത്തരം

(എ) 4512 എണ്ണം.

	എണ്ണം
(ബി) കള്ളുഷാപ്പുകൾ	2454
ചാരായ ഷാപ്പുകൾ	1334
വിദേശ മദ്യ ചില്ലറ വില്പന ശാലകൾ	90
വിദേശ മദ്യ മൊത്തവില്പന ശാലകൾ	134

(സി) 4513 എണ്ണം.

ആലപ്പുഴയിലെ മദ്യലേലം

541. [744] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 19-3-86-ൽ ആലപ്പുഴ കിടങ്ങാംപറമ്പ് ക്ഷേത്രത്തിന്റെ മുന്നിലെ എസ്.എൻ.ഡി.പി. ഗുരുമന്ദിരത്തിൽ വച്ച് മദ്യലേലം നടത്താൻ കളക്ടർ അറിയിപ്പു നൽകിയെന്നറിയുന്നത് ശരിയാണോ ;

(ബി) ഇതിനെതിരെ എസ്.എൻ.ഡി.പി. യൂണിയൻ കൗൺസിൽ പ്രതിഷേധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly